"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലാ പഞ്ചായത്ത് - ജില്ല പഞ്ചായത്തിന്റെ അധീനതയിലുള്ള അൺഫിറ്റായ വിദ്യാഭ്യാസ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള ചെലവ് തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1222/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/06/2021

---

പരാമർശം:- 1 കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 27/01/2021 ലെ ഭരണ സമിതി യോഗ തീരുമാനം നം.01(42) 21.

2 കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 05.03.2021 ലെ E2-4088/17 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള അൺഫിറ്റായ വിദ്യാഭ്യാസ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് ആവശ്യമായ ചെലവ് കെട്ടിടം പൊളിച്ചുമാറ്റിയാൽ കിട്ടുന്ന സാധനങ്ങളുടെ വിലയേക്കാൾ കൂടുതലാണെങ്കിൽ അത് P T A കമ്മിറ്റികൾ വഹിക്കുന്നതാണ് നിലവിലെ രീതിയെന്നും, എന്നാൽ സാമ്പത്തിക ഭദ്രത ഇല്ലാത്ത P T A കമ്മിറ്റികൾക്ക് ഇത്തരത്തിൽ ചെലവ് വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആ ചിലവ് ജില്ല പഞ്ചായത്ത് ഏറ്റെടുക്കുന്നത് സംബന്ധിച്ച് തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ് ഉചിതമെന്ന കാസറഗോഡ് ജില്ല ഓഡിറ്റ് കാര്യാലയത്തിന്റെ നിർദ്ദേശ പ്രകാരം സൂചന(1) ലെ തീരുമാനമനുസരിച്ച് ഈ വിഷയത്തിൽ, ജില്ല പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) കത്ത് പ്രകാരം സർക്കാർ തീരുമാനം ആവശ്യപ്പെട്ടിരിക്കുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ളതും അൺഫിറ്റായതുമായ വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള ചെലവ് പ്രസ്തുത സ്ഥാപനത്തിന്റെ പി.ടി.എ. കമ്മിറ്റിയ്ക്ക് നിർവഹിക്കുവാനുള്ള സാമ്പത്തിക ഭദ്രതയില്ലാതെ വരുന്ന സാഹചര്യത്തിൽ കാസറഗോഡ് ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, കാസർഗോഡ് ജില്ലാ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ